## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം.

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം-അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ.ഭാവിഷ്.വി.എസ് ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.നം.ഇബി 2-17803/2024, ആവഡ, തിയതി :25/11/2024

### ഉത്തരവ് നം. (കെ.ഡിസ്)ഇ.ബി2-17803/2024/ആ.വ.ഡ തീയതി : 23-02-2025

ആരോഗ്യ വകുപ്പിൽ അസി.സർജൻ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ഡോ.ഭവിഷ്.വി.എസ് ന്റെ വർക്ക് ആൻഡ് കോണ്ടാക്ട് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് പാർട്ട് II ചട്ടം 19(a)(ii) പ്രകാരം ഡോ.ഭവിഷ്.വി.എസ്ന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്ക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ഡോ.ഭവിഷ്.വി.എസ്ന്റെ മേൽവിലാസത്തിലേക്ക് അയച്ചു എങ്കിലും അത് കൈപ്പറ്റാതെ തപാൽവകുപ്പ് തിരികെ നൽകിയിരിക്കുന്നു. അക്നോളജ്മെന്റ് കാർഡ് തിരികെ ലഭ്യമാകാതെയിരിക്കുന്നു. ടി സാഹചര്യത്തിൽ ടി ജീവനക്കാരുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കംചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാന്റെ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

2.പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് **07/03/2025** തിയതിയ്ക്കു മുൻപായി ആരോഗ്യവകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിയ്ക്കാവുന്നതാണ്. അല്ലാത്തപക്ഷം ഇനിയൊരറിയിപ്പു കൂടാതെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നറിയിക്കുന്നു.

Signed by
Reena K J
Date: 23-02-2025 08:57:52
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.ഭാവിഷ്.വി.എസ്

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. ഫയൽ/കരുതൽ ഫയൽ